## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 230** **24-02-2026 - ൽ മറുപടിയ്ക്ക്**

## നൈപുണ്യ വികസന പരിശീലനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**<br>**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,**<br>**ശ്രീ . കെ .ഡി .പ്രസേനൻ ,**<br>**ശ്രീമതി ഒ എസ് അംബിക** | | **ശ്രീ ഒ . ആർ. കേളു**<br>**(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുവാനായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സ്വകാര്യമേഖലയിലെ, വളർന്നുവരുന്ന തൊഴിൽ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് പട്ടിക വിഭാഗത്തിലെ അഭ്യസ്തവിദ്യരെ പ്രാപ്തരാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) | സ്വകാര്യ മേഖലയിൽ വളർന്ന് വരുന്ന തൊഴിൽ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് പട്ടികജാതി വിഭാഗക്കാരെ പ്രാപ്തരാക്കുന്നതിന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് വകുപ്പ് നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട് . വിവര സാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ, ടൂറിസം, ആരോഗ്യം തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് ഉതകുന്ന പരിശീലനങ്ങൾ നിലവിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം നൈപുണ്യ വികസന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റും ഉറപ്പാക്കുന്നുണ്ട്. കൂടാതെ വിദേശത്ത് തൊഴിൽ കണ്ടെത്തുന്നതിനും ഇത് സഹായകരമാകുന്നതാണ്.<br><br>അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവാക്കൾക്ക് അവരവരുടെ താല്പര്യമനുസരിച്ച് ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ അംഗീകൃത പരിശീലന സ്ഥാപനങ്ങൾ വഴി നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ദാതാക്കളുമായി വിവിധ സംരംഭങ്ങളിൽ |

| | | | |
|---|---|---|---|
| | | | തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിന് പ്രാപ്തരാക്കുകയോ ചെയ്യുന്നതിന് ചുവടെചേർക്കും പ്രകാരം ആധുനിക തൊഴിൽ അധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ TRACE (Training for Career Excellence) പദ്ധതിയുടെ ഭാഗമായി സർക്കാർ മേഖലയിൽ നിരവധി പട്ടികവർഗ്ഗ യുവതി യുവാക്കൾ മികച്ച ഹോണറേറിയം നിരക്കിൽ സേവനമനുഷ്ഠിച്ചുവരുന്നു.<br><br>• ഏവിയേഷൻ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ<br>• ഓട്ടോ മൊബൈൽ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ<br>• ഡിജിറ്റൽ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ<br>• ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ<br>• നിർമാണ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ<br>• അഭിഭാഷക ധനസഹായ പദ്ധതി<br>• പൈലറ്റ് പരിശീലന ധനസഹായ പദ്ധതി<br>• സിവിൽ സർവീസ് പരിശീലന ധനസഹായ പദ്ധതി<br>• ട്രൈബൽ പാരാമെഡിക് ട്രെയിനി പദ്ധതി<br>• ഉന്നതി - വിദേശ പഠന സഹായ പദ്ധതി<br>• വിജ്ഞാന കേരളം പദ്ധതിയുമായി ചേർന്ന് തൊഴിൽ നൽകുന്നതിനായുള്ള പദ്ധതി<br><br>സർക്കാർ മേഖലകളിലെ തൊഴിൽ മേഖലകൾ പരിചയപ്പെടുന്നതിന്റെ ഭാഗമായി സിവിൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, ബിരുദധാരികളായ അക്രെഡിറ്റഡ് എഞ്ചിനീയർമാരെയും പട്ടികവർഗ്ഗ വികസന വകുപ്പിൽ നിയമിച്ച് പരിശീലനം നൽകി വരുന്നു |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ നൈപുണ്യവികസന പരിശീലനത്തിലൂടെ എത്ര പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്; ഇതിന്റെ ഭാഗമായി എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് വിദേശത്ത് ജോലി ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) | ഈ സർക്കാരിന്റെ കാലയളവിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നൈപുണ്യവികസന പരിശീലനത്തിലൂടെ 1,061 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. നൂറ് ശതമാനം പ്ലേസ്മെന്റ് ലക്ഷ്യമിട്ട് നടത്തുന്ന പരിശീലന പരിപാടിയാണിത്. ഇതിൽ ഈ സർക്കാരിന്റെ കാലയളവിൽ വിദേശത്ത് ജോലി ലഭിച്ചവർ ഇല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**പട്ടികജാതി വിഭാഗങ്ങൾക്ക് സാമ്പത്തിക ശാക്തീകരണം ഉറപ്പാക്കി മുഖ്യധാരയിൽ എത്തിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.**

1. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് 1 ലക്ഷം രൂപ വരെയും (1/3 സബ്സിഡി) സ്വയം സഹായ സംഘങ്ങൾക്ക് 10 ലക്ഷം രൂപ വരെയും (പ്രോജക്ട് കോസ്റ്റിന്റെ 75%) തൊഴിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട് .

2. എഞ്ചിനീയറിംഗ് വൈദഗ്ധ്യം ആവശ്യമുള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി സിവിൽ എഞ്ചിനീയറിംഗ് ബിരുദം/ITI/diploma യോഗ്യതയുള്ള യുവതി യുവാക്കളെ അക്രഡിറ്റഡ് എഞ്ചിനീയർ ഓവർസിയർമാരായി നിയമിച്ച് വരുന്നു.

3. സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദമുള്ളവരെ കമ്മ്യൂണിറ്റി സോഷ്യൽ വർക്കർ (CSW) മാരായി നിയമിക്കുന്നു.

4. പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികൾ ജനങ്ങളിൽ എത്തിക്കുന്നതിനും ഓരോ പദ്ധതിയിലേക്കും അർഹരായ കുടുംബങ്ങളെ കണ്ടെത്തി അപേക്ഷ സമർപ്പിക്കുന്നതിന് അവരെ സഹായിക്കുകയും പട്ടികജാതി വികസന വകുപ്പിനേയും തദ്ദേശ സ്ഥാപനങ്ങളെയും പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിലേക്കുമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കളെ തൊഴിൽ പരിശീലനമെന്ന നിലയിൽ എസ്.സി പ്രൊമോട്ടർമാരായി നിയമിച്ചുവരുന്നു.

5. ജ്വാല – പൗരാവകാശ നിയമത്തിന്റെ സംരക്ഷണത്തിനും അതിക്രമങ്ങൾ തടയുന്നതിനുമുള്ള വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും അതിക്രമത്തിന് ഇരയായവർക്ക് സമയബന്ധിതമായ സഹായം നൽകുന്നതിനുമായി , പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ താൽക്കാലികമായി കോൾ സെന്റർ അസിസ്റ്റന്റ്, ലീഗൽ കൗൺസിലർ, ലീഗൽ അഡ്വൈസർ എന്നിങ്ങനെ നിയമിച്ച് വരുന്നു.

6. നിയമ വിദ്യാഭ്യാസം കഴിഞ്ഞു എൻറോൾ ചെയ്ത് അഭിഭാഷകനായി പരിശീലനം ചെയ്യുന്നതിനുള്ള ധന സഹായം .

7. ഐ.റ്റി.ഐ. ഡിപ്ലോമ, എൻജിനിയറിങ്, ഡിഗ്രി പാസായവർക്ക് അപ്രൈന്റീസ്ഷിപ്പ് .

8. ഐ.റ്റി.ഐകളിൽ വിവിധ ട്രേഡുകളിൽ വിജയകരമായി പരിശീലനം പൂർത്തീകരിക്കുന്നവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ടൂൾ കിറ്റ് .

9. ഉല്പന്ന വിപണന പ്രദർശന മേള (ഗദ്ദിക)

10. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഡ്രീംസ്.

11. പർച്ചേസ് / വർക്ക് ഓർഡറുകൾക്ക് വിധേയമായി അതിവേഗ സീഡ് ഫണ്ട് വനിതാ സംരംഭകർക്കായി യുവസംരംഭകത്വ പദ്ധതിയുടെ ഭാഗമായി നിലവിലുണ്ട് . ഈ ആനുകൂല്യം സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയിലെ വനിതാ സംരംഭകർക്ക് ലഭ്യമാണ് .

12. പട്ടികജാതി വിഭാത്തിൽപ്പെട്ട ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉള്ളതും അല്ലാത്തവരുമായ തൊഴിൽ രഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് നൈപുണ പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു.

13. പട്ടികജാതി സംരംഭകരുടെ ബിസിനസ് വിപുലീകരണം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന പദ്ധതിയാണ് സമൃദ്ധി കേരളം. പദ്ധതിയിലൂടെ സംരംഭകർക്ക് 10 ലക്ഷം രൂപ വരെ ലോൺ 3% വാർഷിക പലിശ നിരക്കിലോ 20% വരെ front-end subsidy ആയോ നൽകി വരുന്നു.

**<u>പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സാമ്പത്തിക ശാക്തീകരണം ഉറപ്പാക്കി മുഖ്യധാരയിൽ എത്തിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു</u>**

എ) <u>വിദ്യാഭ്യാസ സ്കോളർഷിപ്പ് മുതലായവ</u>

- ഹോസ്റ്റലുകൾ/ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ
- മോഡൽ പ്രീ സ്കൂൾ (പ്രീപ്രൈമറി വിദ്യാഭ്യാസം)
- ഗോത്രബന്ധു
- സാമൂഹ്യ പഠനമുറി
- ലാപ്ടോപ്പ് വിതരണം
- കോളനികളിൽ ഇന്റർനെറ്റ് സൗകര്യം
- വിദേശപഠനത്തിനുള്ള ധനസഹായം
- ഗോത്രസാരഥി (വിദ്യാവാഹിനി)
- രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം

- സ്കോളർഷിപ്പുകൾ/ഗ്രാന്റുകൾ
- 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേക കേന്ദ്ര സഹായ സ്കോളർഷിപ്പ്
- സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം

<u>ബി )ആരോഗ്യ സംരക്ഷണ പദ്ധതികൾ</u>

- സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി
- ചികിത്സാ സഹായം
- അരിവാൾ രോഗികൾക്കുള്ള സാമ്പത്തിക സഹായം
- ആംബുലൻസ് സേവനം
- മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ
- ഒ.പി. ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും
- ജനനി ജന്മരക്ഷാ പദ്ധതി

സി. പോഷകാഹാരവും ജീവനോപാധി പ്രവർത്തനങ്ങളും

ഡി. പട്ടികവർക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം.

ഇ. തൊഴിൽ

എഫ്. കേരള ട്രൈബൽ പ്ലസ് പദ്ധതി

ജി. നൈപുണ്യ പരിശീലനം

<u>ഇടമലക്കുടി പാക്കേജ്</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് ഏക ഗോത്ര വർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിൽ ഗതാഗതം ആരോഗ്യം, വിദ്യാഭ്യാസം, വൈദ്യുതി തുടങ്ങിയ ചുവടെ പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട് .

1. ഗതാഗതം
2. ആരോഗ്യം
3. വിദ്യാഭ്യാസം
4. വൈദ്യുതി
5. ഇന്റർനെറ്റ് കണക്ഷൻ
6. വനാവകാശ നിയമം നടപ്പിലാക്കൽ

7. കുടിവെള്ളം
8.ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഗോഡൗൺ നിർമ്മാണം .
9. ഭവന നിർമ്മാണം
10. ഇടമലക്കുടി നിവാസികളുടെ യാത്രാ സൗകര്യത്തിനായി വാഹനം വാങ്ങിയത് .

കൂടാതെ സംസ്ഥാനത്തെ എല്ലാ ഭവനരഹിതർക്കും അടച്ചുറപ്പുള്ള ഭവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര പദ്ധതിയാണ് ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി.

ലൈഫ് ഭവന പദ്ധതി

ലൈഫ് ഭവന പദ്ധതിയുടെ ഒന്നാംഘട്ടമായി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിൽ ഉൾപ്പെടുത്തി 18,182 വീടുകളിൽ 17,400 വീടുകൾക്ക് അധിക ധനസഹായം നൽകി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് .ലൈഫ് ഭവന പദ്ധതിയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് . ടി വിഭാഗങ്ങളിൽപ്പെട്ടവർക്ക് ലൈഫ് ഭവന പദ്ധതിയിലൂടെ വീട് അനുവദിച്ചതിന്റെ ഫലമായി ഭവന നിർമ്മാണ ധനസഹായമിനത്തിൽ 4,00,000 രൂപയും പട്ടികവർഗ്ഗ സങ്കേതങ്ങളിലും ദുർഘട പ്രദേശത്തിൽ ഒറ്റപ്പെട്ട് താമസിക്കുന്നതുമായ പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിന് 6 ലക്ഷം രൂപയും അനുവദിക്കുന്നുണ്ട്. ലൈഫ് ഭവനപദ്ധതിയിലൂടെ സംസ്ഥാനത്തെ 51334 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടുകൾ അനുവദിക്കുകയും 41994 കുടുംബങ്ങൾക്ക് ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.